(ബി) പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും ഇതിനകം എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) നവീകരണപ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്നും പണി എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ;

(ഡി) ജില്ലയിലെ മറ്റു സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗാലറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) 2,26,99,432 രൂപയാണ്. പദ്ധതിയുടെ അടങ്കൽ തുക ഇതിലേക്കായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഇതിന്റെ ഭാഗമായി ഫുട്ബോൾ ഗ്രൗണ്ട്, ഗ്യാലറി, ഹോസ്റ്റൽ, ടീമുകൾക്ക് താമസിക്കുന്നതിനുള്ള റൂമുകൾ, ഓഫീസ് റൂം എന്നിവ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) ഇത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ഹെൽത്ത് ആൻഡ് സ്പോർട്ട്സ് സെന്റർ ആരംഭിക്കുന്നതിന് പദ്ധതി

265 (1993) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ഏതെങ്കിലും പഞ്ചായത്തുകളിൽ ഹെൽത്ത് ആൻഡ് സ്പോർട്ട്സ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ ജിംനേഷ്യം അടക്കമുള്ള ഹെൽത്ത് ആൻഡ് സ്പോർട്ട്സ് സെന്റർ ആരംഭിക്കുന്നതിനു വേണ്ടിയുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

സർക്കാർ ഉടമസ്ഥതയിൽ ഇല്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

വയനാട്ടിലെ ആർച്ചറി അക്കാദമി

266 (1994) ശ്രീ. എം. വി.. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയ്ക്ക് അനുവദിച്ച ആർച്ചറി അക്കാദമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്തുമോ ;

(സി) ആർച്ചറി അക്കാദമിക്കായി തരിയോട് പഞ്ചായത്തിൽ സ്ഥലം ലഭ്യമാക്കാമെന്നുള്ള ഗ്രാമപഞ്ചായത്ത് സമിതിയുടെ തീരുമാനം ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(ഇ) ആർച്ചറി അക്കാദമി സ്ഥാപിക്കുന്നതിൽ മറ്റെന്തെങ്കിലും സാങ്കേതികതടസ്സം നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത തടസ്സം നീക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഇപ്പോഴത്തെ സാഹചര്യത്തിൽ ആർച്ചറി അക്കാദമിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത അക്കാദമി SAI-യുടെ നേതൃത്വത്തിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജംഷഡ്പൂരിലെ ടാറ്റാ അക്കാദമി സന്ദർശിച്ച് വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ അക്കാഡമി താൽക്കാലികമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) അക്കാദമി സ്ഥാപിക്കുന്നതിന് പ്രസ്തുത സ്ഥലം അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് പുൽപ്പള്ളി ഗ്രാമപഞ്ചായത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി അത് കായിക വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ അക്കാദമി സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചുകഴിഞ്ഞു.

(ഇ) ഇല്ല.

(എഫ്) അക്കാദമിയുടെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് SAI ആണ്.

മേൽപ്പാലത്തിനായി സ്ഥലം ഏറ്റെടുക്കൽ

267 (1995) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കേന്ദ്ര റെയിൽമന്ത്രാലയത്തിന്റെ അനുമതി ലഭിച്ച കുമാരനല്ലൂർ, മൂലേടം, കാരിത്താസ് മേൽപ്പാലങ്ങളുടെ നിർമ്മാണജോലികൾ ഏതുഘട്ടംവരെയായെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly